


# തിമിംഗലം രക്ഷിച്ച കുഞ്ഞിക്കിളി

ചന്തിരൂർ താഹ

ദേശാടനത്തിനു പോയ ഒരു കൂട്ടം കിളികളിൽ നിന്നും ഒരു കിളിയുടെ ചിറകിനു മാത്രം വല്ലാത്തൊരു തളർച്ച അനുഭവപ്പെട്ടു. സമുദ്രവഴിയുടെ പാതിയെ പിന്നിട്ടുള്ളൂ, വിശ്രമിക്കാമെന്നു വെച്ചാൽ സമുദ്രത്തിൽ കരയെവിടെ?

കുറേദൂരം കൂടി പറന്നു ചെന്നാൽ, അങ്ങ് ദൂരെ ചെറിയ ഒരു ദ്വീപുണ്ട്. അതാണ് ഇടത്താവളം. അവിടെ നിന്നാണ് ആഹാരവും വിശ്രമവും തുടർയാത്രയും.

പക്ഷേ, അവിടേക്കെത്തണമെങ്കിൽ ഇനിയും ഒരുപാട് ദൂരം പറക്കണം. അതിന് കിളിക്ക് കഴിയില്ലെന്ന് ഉറപ്പായി. പാതിവഴിയിൽ തളർന്നുവീഴുമോ എന്ന് കിളി ഭയപ്പെട്ടു.

കൂടെയുണ്ടായിരുന്ന പക്ഷികളെല്ലാം ഒന്ന് തിരിഞ്ഞുപോലും നോക്കാതെ അതിവേഗം പറക്കുകയാണ്.

യാത്ര തുടങ്ങുന്നതിനു മുമ്പ്, ഒരുമിച്ചേ പറക്കാവൂ, കൂട്ടം തെറ്റിപ്പോകരുത്, പരസ്പരം ശ്രദ്ധിക്കണമെന്നൊക്കെ പറഞ്ഞിരുന്നെങ്കിലും ആകാശ നീലിമയുടെ അനന്തതയിൽ എത്തിയപ്പോൾ എല്ലാവരും പറഞ്ഞതൊക്കെ മറന്നു.

മറ്റ് കിളികളെല്ലാം അങ്ങ് ദൂരെയാണ്. തന്റെ നിലവിളി കേൾക്കാൻ ആരുമില്ലെന്ന് മനസ്സിലായി.

അയ്യോ! എനിക്ക് പറക്കുവാൻ കഴിയുന്നില്ല. ചിറകുകൾ തളരുന്നു. ശരീരം കുഴയുന്നു. തല കറങ്ങുന്ന പോലെ തോന്നുന്നു. ഈ

മഹാസമുദ്രത്തിൽ അവസാനിക്കാനാണോ തന്റെ വിധി! മോഹങ്ങളും സ്വപ്നങ്ങളും പാതിവഴിക്ക് ഉപേക്ഷിക്കേണ്ടി വന്നല്ലോ എന്നോർത്ത് കിളിക്ക് സങ്കടം വന്നു.

ദേശാടനക്കിളി നിലയില്ലാ ഉൾക്കടലിലേക്ക് വീണു കൊണ്ടേയിരുന്നു.

സ്രാവുകളും തിമിംഗലവും മറ്റു വലിയ മീനുകളും വിഹരിക്കുന്ന കടൽ.

ചിറകുകൾ നനഞ്ഞു. ശരീരം മുഴുവൻ തണുത്ത് മരവിക്കുന്നു. തന്റെ അച്ഛനും അമ്മയും മറ്റു പ്രിയപ്പെട്ട സുഹൃത്തുക്കളും മനസ്സിലേക്കോടിയെത്തി. ഇനി ഒരിക്കലും അവരെയൊന്നും കാണുവാൻ കഴിയില്ലല്ലോ എന്നോർത്തു.

അവസാനം ആ കൊച്ചു ദേശാടനക്കിളി ശ്വാസം ആഞ്ഞു വലിച്ചു. അപ്പോഴേക്കും കഴുത്ത് വരെ മുങ്ങിയിരുന്നു.

ഇതെല്ലാം കണ്ടുകൊണ്ട് ഒരു തിമിംഗലം അൽപം ദൂരത്തുണ്ടായിരുന്നു. തിമിംഗലം പെട്ടെന്ന് പാഞ്ഞു വന്ന് ആ കുഞ്ഞിക്കിളിയുടെ അടിയിൽ വന്നൊന്ന് പൊങ്ങി.

തളർന്ന്, നനഞ്ഞ ചിറകുള്ള ആ പക്ഷി തിമിംഗലത്തിന്റെ വിശാലമായ പുറത്ത് തളർന്നു കിടന്നു.

ആ കിളിയെയും ചുമലിലേറ്റി തിമിംഗലം അതിവേഗം കുതിച്ചു.

ആകാശം വെളുത്ത് തുടുത്തു. കറുത്ത കാർമേഘപടലങ്ങൾ എങ്ങോ പോയ്മറഞ്ഞു. ആ കൊച്ചു പക്ഷിയുടെ ശരീരത്തിൽ സൂര്യകിരണങ്ങൾ മെല്ലെ തലോടി.

സൂര്യന്റെ ചൂടിൽ നനഞ്ഞു കുതിർന്ന ചിറകുകൾ ഉണങ്ങി. ക്ഷീണമെല്ലാം എങ്ങോ പോയ് മറഞ്ഞു. ചിറകുകളുടെ തളർച്ച പൂർണമായും മാറി.

അപ്പോഴേക്കും ആ തിമിംഗലം ദ്വീപിനടുത്തെത്തിയിരുന്നു.

കിളിയുടെ കണ്ണിൽ നിന്നും കണ്ണുനീർ ഇറ്റിറ്റു വീണു. നന്ദിസൂചകമായി തന്റെ കുഞ്ഞു കൊക്കുകൊണ്ട് തിമിംഗലത്തിന്റെ ദേഹത്ത് ഉരസി. തിമിംഗലത്തിന് സന്തോഷമായി. ആ കുഞ്ഞു ദേശാടനക്കിളി മെല്ലെ പറന്നു പൊങ്ങി. തിമിംഗലം കണ്ണിൽ നിന്നും മറയും വരെ കിളി അവിടെയൊക്കെ വട്ടമിട്ട് പറന്നു.

തിമിംഗലം കടലിന്റെ ആഴങ്ങളിലേക്ക് നീന്തി മറഞ്ഞു.

കൂടെ പറന്ന ദേശാടനക്കിളികൾ എത്തുന്നതിനു മുമ്പ് ആ കിളി ദ്വീപിൽ എത്തിച്ചേർന്നു.

പിന്നീട് പഴങ്ങൾ ഭക്ഷിച്ച് വിശപ്പ് മാറ്റി. കുറച്ച് ക്ഷീണമുണ്ടെങ്കിലും വിശ്രമിച്ചില്ല. തന്റെ കൂടെയുണ്ടായിരുന്ന സുഹൃത്തുക്കളെ കാണാതെ എങ്ങനെ വിശ്രമിക്കും?!

കുറച്ചു നേരം കൂടി അവിടെയൊക്കെ പറന്നു പൊങ്ങി.

പ്രതീക്ഷ നഷ്ടപ്പെട്ട്, കടലിൽ താഴുവാൻ തുടങ്ങിയപ്പോൾ ആരും അറിയാതെ ഒരൽഭുതം തന്നെ തേടിയെത്തിയ കഥ പറയുവാനായി കൊതിയോടെ തൊട്ടടുത്തുള്ള മരക്കൊമ്പിൽ ദേശാടനക്കിളി അവരെയും കാത്തിരിക്കുവാൻ തുടങ്ങി. .

✦

